ഹൃദയം സംരക്ഷിക്കാം

താക്കോൽ ദ്വാര ശസ്ത്രക്രിയയിലൂടെ

ചെറിയ മുറിവിലൂടെ ഹൃദയശസ്ത്രക്രിയ
വിജയകരമായി പൂർത്തിയാക്കാൻ കഴിയുന്നതാണ്
മിനിമലി ഇൻവാസിവ് കാർഡിയാക് സർജറി (മിക്സ്).

ഹൃദ്രോഗചികിത്സയിലെ നൂതന
മാർഗങ്ങളിൽ ഒന്നായ മിക്സിന്റെ
കൂടുതൽ വിവരങ്ങൾ
പരിചയപ്പെടുത്തുകയാണ്.



ഡോ. രാകേഷ് ഗോപാൽ
കാർഡിയാക് സർജൻ
വിപിഎസ്
ലേക് ഷോർ
ഹോസ്പിറ്റൽ
കൊച്ചി

ഹൃദ്രോഗ ചികിത്സയിൽ വൈദ്യശാസ്ത്രം വൻ പുരോഗതി കൈവരിച്ചിരിക്കുന്ന കാലഘട്ടമാണിത്. ഹൃദയമാറ്റ ശസ്ത്രക്രിയകൾ പോലും സാധാരണ ചികിത്സകളുടെ ഗണത്തിൽ ഇടം പിടിച്ചിരിക്കുന്ന കാലം. ചെറിയ മുറിവിലൂടെ ഹൃദയശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കാൻ കഴിയുന്ന മിനിമലി ഇൻവാസിവ് കാർഡിയാക് സർജറിയാണ്(മിക്സ്) ഹൃദ്രോഗചികിത്സയിലെ നൂതന മാർഗങ്ങളിൽ ഒന്ന്. താക്കോൽദ്വാര ശസ്ത്രക്രിയയുടെ എല്ലാ ഗുണങ്ങളും ഹൃദ്രോഗ ചികിത്സയിൽ ഉപയോഗിക്കാൻ കഴിയുമെന്നതാണ് മിക്സിന്റെ ഗുണം. കേരളത്തിൽ ഈ ശസ്ത്രക്രിയ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നുമുണ്ട്.

സാധാരണ രീതിയിലുള്ള ശസ്ത്രക്രിയയെ അപേക്ഷിച്ച് മിക്സിന്റെ ഗുണങ്ങൾ ഒട്ടേറെയാണ്. വേദന കുറവായിരിക്കും എന്നതു മുതൽ ആശുപത്രിയിൽ [illegible] കഴിയുകയും രോഗവിമുക്തി വേഗം നേടാൻ കഴിയുമെന്നതു വരെ ഇക്കൂട്ടത്തിൽ പെടും. മിക്സിൽ സാധാരണ ശസ്ത്രക്രിയയിൽ നിന്നു വ്യത്യസ്തമായി ചെറിയ മുറിവിൽ കൂടി ശസ്ത്രക്രിയ ചെയ്യപ്പെടുന്നു. സാധാരണ ഹൃദയ ശസ്ത്രക്രിയയിൽ ഇത് ആറു മുതൽ 8 ഇഞ്ച് വരെ വ്യാസമുള്ള മുറിവായിരിക്കും.

ലാപ്രോസ്കോപ്പിക് അഥവാ താക്കോൽദ്വാര ശസ്ത്രക്രിയയ്ക്കു സാധാരണ ശസ്ത്രക്രിയയെ അപേക്ഷിച്ച് പല നേട്ടങ്ങളും ഉണ്ട്. സാധാരണ ശസ്ത്രക്രിയ ചെയ്യുമ്പോൾ ശരീരത്തിൽ വളരെ വലിയ മുറിവുണ്ടാക്കുന്നു. എന്നാൽ താക്കോൽ ദ്വാര ശസ്ത്രക്രിയയിൽ ചെറിയ ദ്വാരങ്ങൾ ആയതിനാൽ കാണപ്പെടാവുന്ന [illegible] കുറയുന്നു. മാത്രമല്ല, വേദനയും തന്നെ കുറവായിരിക്കും. ചെറിയ മുറിവായതിനാൽ അണുബാധയുണ്ടാകുന്നതിനുള്ള സാധ്യതയും കുറവായിരിക്കും. ശസ്ത്രക്രിയ സമയത്തുള്ള രക്തസ്രാവവും കുറയ്ക്കുന്നു.

ഹൃദയ വാൽവ് തകരാറുകൾ ശരിയാക്കുന്നതിനായുള്ളതും ഹൃദയ ധമനികളുടെ ബൈപ്പാസ് ശസ്ത്രക്രിയകളാണ് സാധാരണയായി മിക്സ് രീതിയിൽ ചെയ്യപ്പെടുന്നത്. മൂന്നു മുതൽ നാലിഞ്ചു വ്യാസമുള്ള മുറിവിനുള്ളിൽ കൂടി ശസ്ത്രക്രിയ ചെയ്യുന്നതിനാൽ നെഞ്ചിനുള്ളിലെ എല്ലുകൾക്ക് ക്ഷതം ഏൽപ്പിക്കാതെയാണ് മിക്സ് സർജറി ചെയ്യുക. ഇതാണ് മിക്സിന്റെ ഏറ്റവും വലിയ ഗുണം.

തൊറാസിക് സർജറിയും ശ്വാസകോശ സർജറിയും ഇതേ രീതിയിൽ ചെറിയ മുറിവിലൂടെ ചെയ്യപ്പെടുന്നു. ഇത്തരം ശസ്ത്രക്രിയ വാറ്റ്സ് എന്ന് അറിയപ്പെടുന്നു.

ഇതു വഴി ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും നെഞ്ചിനുള്ളിലുള്ള മുഴകളുടെ മറ്റും ബയോപ്സിയും ചെയ്യപ്പെടുന്നു. ദിനംപ്രതി നൂതന സാങ്കേതിക വിദ്യകൾ കണ്ടു പിടിക്കപ്പെടുന്ന മേഖലയാണ് ആരോഗ്യരംഗം. അത്യാധുനികമായ റോബോട്ടുപയോഗിച്ച് ഹൃദയശസ്ത്രക്രിയ ചെയ്യപ്പെടുന്ന റോബോട്ടിക് സർജറിയാണ് അതിലൊന്ന്.

ഇവയ്ക്കു പുറമേ കുടലിനുണ്ടാകുന്ന രോഗങ്ങൾ, അന്നനാളത്തിന്റെ അസുഖങ്ങൾ, പാൻക്രിയാസിനുണ്ടാകുന്ന രോഗങ്ങൾ, കരൾ, പ്ലീഹ, വൃക്കകൾ, മൂത്രസഞ്ചി തുടങ്ങിയ അവയവങ്ങളുമായി ബന്ധപ്പെട്ട് ശസ്ത്രക്രിയ വേണ്ടിവരുന്ന പല രോഗാവസ്ഥകളിലും താക്കോൽദ്വാരശസ്ത്രക്രിയ വിജയകരമായി ചെയ്യും. സാധിക്കുമെങ്കിൽ ശസ്ത്രക്രിയ ചെയ്യുന്ന ഡോക്ടറുടെ പരിചയസമ്പന്നതയും ഉപകരണങ്ങളുടെ ഗുണമേന്മയും നിർണ്ണയിച്ച് ലാപ്രോസ്കോപ്പി സെന്ററിന്റെ വിജയനിരക്കും മനസ്സിലാക്കി വേണം ശസ്ത്രക്രിയാ കേന്ദ്രം തിരഞ്ഞെടുക്കാൻ എന്നു മാത്രം.

മിനിമലി ഇൻവാസിവ് കാർഡിയാക് സർജറിയുടെ ഗുണങ്ങൾ

- ■ ചെറിയ മുറിവുകൾ
- ■ വലിയ മുറിപ്പാടുകൾ ഉണ്ടായിരിക്കില്ല.
- ■ ശസ്ത്രക്രിയ മൂലമുണ്ടാകുന്ന മുറിവിലൂടെ അണുബാധ ഉണ്ടാകുന്നതിനുള്ള സാധ്യത കുറവായിരിക്കും.
- ■ ശസ്ത്രക്രിയയുടെ സമയത്ത് മുറിവുകളിലൂടെയുള്ള രക്തസ്രാവം കുറയുന്നു.
- ■ ആശുപത്രിവാസത്തിന്റെ ദൈർഘ്യം കുറയ്ക്കുന്നു.
- ■ രോഗം വേഗത്തിൽ ഭേദമാകുന്നു.